## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:140 04/02/2013 - ൽ മറുപടിക്ക്

### മത്സ്യ സമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യ സമൃദ്ധി പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നും എത്ര തുകയായിരുന്നു ബജറ്റിൽ വകയിരുത്തിയത് എന്നും വ്യക്തമാക്കുമോ; | (എ) 2012-13 വർഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക താഴെപ്പറയും പ്രകാരമാണ്.<br><br>സംസ്ഥാന ബജറ്റ് വിഹിതം - 400 ലക്ഷം രൂപ.<br>രാഷ്ട്രീയ കൃഷി വികാസ് യോജന വിഹിതം - 1001.25 ലക്ഷം രൂപ.<br>മത്സ്യകർഷക വികസന ഏജൻസി വിഹിതം - 263.35 ലക്ഷം രൂപ.<br>ആകെ - 1664.60 ലക്ഷം രൂപ.<br><br>2013 ജനുവരി 30 വരെ പദ്ധതിക്കായി 809.46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാം; ഇവിടങ്ങളിൽ ഇതുവരെ നടന്നപ്രവർത്തനങ്ങൾ എന്തെല്ലാം; | (ബി) കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന 74 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>അത്തോളി, അരിക്കുളം, അഴിയൂർ, ബാലുശ്ശേരി, ചാത്തമംഗലം, ചേറോട്, ഫറൂക്ക്, കടലുണ്ടി, ഒളയന്ന, കക്കോടി, തലക്കുളത്തൂർ, കാക്കൂർ, നന്മണ്ട, രാമനാട്ടുകര, കോടഞ്ചേരി, കാരശ്ശേരി, കൊടിയത്തൂർ, കുറുവത്തൂർ, മാവൂർ, മുക്കം, പെരുവയൽ, കിഴക്കോത്ത്, കൊടുവള്ളി, മടവൂർ, ഓമശ്ശേരി, പുതുപ്പാടി, |

താമരശ്ശേരി, കൂടാരൻജി, തിരുവമ്പാടി, ചേമഞ്ചേരി, മൂടാടി, കീഴരിയൂർ, പയ്യോളി, തിക്കോടി, ചക്കിട്ടപ്പാറ, ചങ്ങരോത്ത്, നരിക്കുനി, കൂറാച്ചുണ്ട്, കോട്ടൂർ, പനങ്ങാട്, ചേങ്ങോട്ടുകാവ്, കൂത്താളി, മേപ്പയ്യൂർ, നൊച്ചാട്, പേരാമ്പ്ര, ഇറാമല, ഒഞ്ചിയം, ചെക്കിയാട്, ഇടച്ചേരി, പുറമറി, തൂണേരി, ആയാഞ്ചേരി, മണിയൂർ, തിരുവെള്ളൂർ, കാവിലമ്പാറ, കായക്കോടി, കുറ്റിയാടി, മരുത്തോൺകര, ചെറുവണ്ണൂർ, കായന്ന, ചേളന്നൂർ, നാദാപുരം, നരിപ്പട്ട, ഉള്ള്യേരി, ഉണ്ണിക്കുളം, വളയം, വാണിമേൽ, വേളം, വില്ല്യപ്പള്ളി, കട്ടിപ്പാറ, പെരുമണ്ണ, കോഴിക്കോട് (കോർപ്പറേഷൻ) വടകര (മുനിസിപ്പാലിറ്റി) കൊയിലാണ്ടി (മുനിസിപ്പാലിറ്റി).

പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം, ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി, ഓരുജല ചെമ്മീൻകൃഷി, കരിമീൻ കൃഷി, കല്ലുമ്മേക്കായ കൃഷി, ഞണ്ടുകൃഷി എന്നിവ വിവിധ പഞ്ചായത്തുകളിലായി ഈ പദ്ധതിപ്രകാരം നടപ്പിലാക്കി വരുന്നു.

**(സി) പദ്ധതിയിലൂടെ മത്സ്യകൃഷി നടത്തുന്നവർക്കും അനുബന്ധ തൊഴിൽ വിഭാഗങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ/ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?**

(സി) മത്സ്യസമൃദ്ധി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് വിവിധ ഘടക പദ്ധതികൾക്ക് ലഭ്യമാക്കുന്ന ധനസഹായ നിരക്ക് ചുവടെ ചേർക്കുന്നു.

| നമ്പർ | ഘടക പദ്ധതികൾ | ധനസഹായ നിരക്ക് (രൂപയിൽ) |
|---|---|---|
| 1 | കുളങ്ങളിലെയും ടാങ്കുകളിലെയും ശുദ്ധജല മത്സ്യകൃഷി. | 10000/ഹെക്ടർ |
| 2 | പാടശേഖരങ്ങളിലെയും കോൾപ്പാടങ്ങളിലെയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി/സംയോജിത മത്സ്യകൃഷി. | 10000/ഹെക്ടർ |

| | | |
|---|---|---|
| 3 | പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി | 20000/ഹെക്ടർ |
| 4 | കല്ലുമ്മേക്കായ കൃഷി | 2500/യൂണിറ്റ് |
| 5 | ഞണ്ട് പരിപോഷണം/ കൃഷി | 12600/യൂണിറ്റ് |
| 6 | കരിമീൻ വിത്ത് പരിപാലനവും വില്പനയും നടത്തുന്നതിനുള്ള യൂണിറ്റുകൾ | 15000/യൂണിറ്റ് |
| 7 | അടുക്കള കുളങ്ങൾ | 1000/യൂണിറ്റ് |
| 8 | കുളത്തിലെ കരിമീൻ കൃഷി | 25000/യൂണിറ്റ് |
| 9 | കൂടുകളിലെ കരിമീൻ കൃഷി | 25000/യൂണിറ്റ് |

കൂടാതെ പി.സി.ആർ ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പാക്കിയ ചെമ്മീൻ വിത്തുകൾ മാത്രം വിതരണം ചെയ്യുന്നു. മത്സ്യതീറ്റയ്ക്ക് ആനുകൂല്യം നൽകുന്നു. കർഷകർക്ക് വിദഗ്ധ പരിശീലനം, തുടർച്ചയായി മൂന്ന് വർഷവും ആനുകൂല്യം, മത്സ്യ/ചെമ്മീൻ/കരിമീൻ/കല്ലുമ്മേക്കായ/ഞണ്ട് കൃഷിക്ക് സൗജന്യ വിള ഇൻഷ്വറൻസ്, മത്സ്യകർഷക ക്ലബ്ബുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ, മികച്ച കർഷകർക്ക് അവാർഡ് എന്നീ ആനുകൂല്യങ്ങൾ/നേട്ടങ്ങൾ കർഷകർക്ക് ടി പദ്ധതിപ്രകാരം ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ